TELEGRAPH DAILY October 1, 2018

# ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയും പുനലൂർ മാതൃകയിലേക്ക്

**ഡേവീസ് പറപ്പൂക്കര**

തൃശൂർ: പുനലൂരിലെ സർക്കാർ താലൂക്ക് ആശുപത്രിയെ മാതൃകയാക്കി ജനറൽ ആശുപത്രി നവീകരിക്കുന്നു. തൃശൂരിലെ 'ജനനീതി' എന്ന സംഘടനയാണ് ഇതിന് നേതൃത്വം നൽകുന്നത്. കേരളത്തിൽ ഏറ്റവും പിന്നോക്കം നിന്നിരുന്ന പുനലൂർ ആശുപത്രിയെ ഡോ. ഷാഹിർഷായുടെ നേതൃത്വത്തിൽ ആധുനികവൽക്കരിച്ച് മാതൃകാ ആശുപത്രിയാക്കിയിരുന്നു.

അടുത്ത മാസം ഡോ. ഷാഹിർഷാ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ എത്തി ബോധവൽക്കരണം നടത്തുന്നുണ്ട്. അത്യാധുനിക സൗകര്യങ്ങളോടെ കുറഞ്ഞ ചിലവിൽ എങ്ങനെ വിദഗ്ധ ചികിത്സ നൽകാം എന്നതിനെ കുറിച്ച് വിശദീകരണം നടത്തും. അതിനു മുമ്പ് ജനനീതി സംഘം അഡ്വ. പി.സുനിൽകുമാറിന്റെ നേതൃത്വത്തിൽ പുനലൂർ താലൂക്ക് ആശുപത്രി സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ വിലയിരുത്തും. ആരേയും അതിശയിപ്പിക്കുന്ന വളർച്ചയാണ് ഈ ആശുപത്രി കൈവരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ സംവിധാനങ്ങളോടെയും 12 നില കെട്ടിടം ഇവിടെ ഉയരുന്നുണ്ട്.

ഇരിങ്ങാലക്കുട ആശുപത്രി മാതൃകാ ആശുപത്രിയാക്കുന്നതിന്റെ ഭാഗമായി ഒരു വർക്കിങ് ഗ്രൂപ്പിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ സഹകരണവുമുണ്ട്. പിന്തുണയുമായി ആരോഗ്യ-സാമൂഹ്യ രംഗത്തെ നിരവധി പേർ രംഗത്തുണ്ട്. നേരത്തെ 'ജനനീതി' പലവട്ടം യോഗം വിളിച്ചുചേർത്ത് പുനലൂർ മാതൃക എങ്ങനെ തൃശൂർ ജില്ലയിൽ പ്രാവർത്തികമാക്കാം എന്ന് ചർച്ച ചെയ്തിരുന്നു. എല്ലാ ഭാഗത്തുനിന്നും അനുകൂല പ്രതികരണമാണ് ലഭിക്കുന്നത്.

ഇരിങ്ങാലക്കുട ആശുപത്രിയോടൊപ്പം വാണിയമ്പാറ ഹെൽത്ത് സെന്ററിനേയും തോട്ടപ്പടി കമ്യൂണിറ്റി ഹെൽത്ത് സെന്ററിനെയും മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റിയെടുക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. ഇവയ്ക്ക് 'കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽ' എന്ന പദവിയും നേടിക്കൊടുക്കും. മണലൂർ പബ്ലിക് ഹെൽത്ത് സെന്ററിന് ഇതിനകം ഈ പദവി ലഭ്യമായിട്ടുണ്ട്. ഡോക്ടർമാരുടെ ആത്മാർത്ഥതയും മികച്ച ഭരണ നിർവഹണവുമാണ് ഈ പദവിക്ക് ആവശ്യമായുള്ളത്. എല്ലാ ഗവ. ആരോഗ്യ സ്ഥാപനങ്ങളിലേക്കും പുനലൂർ മാതൃക കൊണ്ടുവരാൻ ഈ ബഹുമതി സഹായിക്കും. ആരോഗ്യ സേവന രംഗത്ത് സുതാര്യത ഉറപ്പുവരുത്തുകയാണ് പുനലൂർ മാതൃകയുടെ അടിസ്ഥാന തത്വം.

കേന്ദ്ര ഗവൺമെന്റിന്റെ 'ഇന്ത്യൻ പബ്ലിക് സ്റ്റാൻഡേർഡിൽ' കേരളത്തിലെ ആശുപത്രികളെയും കൊണ്ടുവരാനുള്ള ശ്രമവും ഇതോടൊപ്പം നടക്കുന്നുണ്ട്. വടക്കൻ സ്റ്റേറ്റുകളിൽ ഈ സർട്ടിഫിക്കറ്റ് ആശുപത്രികൾ ലഭ്യമാക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ആശുപത്രികളെ കുറിച്ച് ശരിയായ ധാരണയില്ലാത്തതാണ് പല അംഗീകാരങ്ങളും നഷ്ടപ്പെടാൻ കാരണമാകുന്നത്. അതുകൊണ്ടുതന്നെ ആശുപത്രികൾക്ക് നേരെ പരാതികളും പ്രളയവും അനുദിനം ഏറിവരുന്നു.